# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 838 — 13-06-2012 ൽ മറുപടിക്ക്

## വികലാംഗനായ ശ്രീ. എ. മുഹമ്മദ് കബീറിന് ജോലി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. എം. ആരിഫ് എം.എൽ.എ** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പ്രീഡിഗ്രി വരെ പഠിക്കുകയും ടൈപ്പ് റൈറ്റിംഗ് പാസ്സാകുകയും 1986-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി ലിസ്റ്റിൽ പേരുണ്ടായിട്ടും 'വികലാംഗനായ ' ശ്രീ. എ. മുഹമദ് കബീറിന് ഇതുവരെ ഒരു തൊഴിൽ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ ഇരുന്നുകൊണ്ട് ചെയ്യാവുന്ന തൊഴിലിന് നാമനിർദ്ദേശം ചെയ്താൽ മതിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) എങ്കിൽ ഇതുവരെ ഇരുന്നുകൊണ്ട് ചെയ്യുന്ന ഒരു ജോലിക്കും നാമനിർദ്ദേശം ചെയ്തിട്ടില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ ; | (സി) ലാസ്റ്റ് ഗ്രേഡ് ജോലിക്ക് കൂടി പരിഗണിയ്ക്കണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളെ പ്യൂൺ, അറ്റൻഡർ തുടങ്ങിയ തസ്തികകളിലേയ്ക്ക് പരിഗണിച്ചിട്ടുള്ളതും കൂടാതെ ഇരുന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന ജോലിയായ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്ക് (താൽക്കാലികം) മൂന്ന് തവണ പരിഗണിച്ചിട്ടുണ്ട്. ഇതുൾപ്പെടെ ആകെ അഞ്ച് താൽക്കാലിക ഒഴിവുകൾക്കും ടിയാനെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇതിൽ ഇരുന്നുകൊണ്ട് ചെയ്യുവാൻ കഴിയുന്നത് ക്ലാസ്സ് 3 വിഭാഗം തൊഴിലായ എൽ. ഡി. ക്ലാർക്ക് മാത്രമാണ്. ടൈപ്പ് റൈറ്റിംഗ് (മലയാളം) യോഗ്യത ഇല്ലാത്തതിനാൽ ശ്രീ. മുഹമ്മദ് കബീറിനെ ടൈപ്പിസ്റ്റ് തസ്തികകയിലേക്ക് പരിഗണിക്കുവാൻ സാധിക്കുകയില്ല. |
| (ഡി) ഈ വിവരങ്ങൾ കാണിച്ച് മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയിൽ നേരിട്ടെത്തി സമർപ്പിച്ച അപേക്ഷയ്ക്കും യാതൊരു നടപടിയും ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | ബഹു. മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയിൽ ശ്രീ. മുഹമ്മദ് കബീർ, തന്നെ വികലാംഗരല്ലാത്തവരെ മാത്രം പരിഗണിക്കേണ്ട ഒഴിവിലേക്ക് പരിഗണിച്ചു എന്ന് പരാതിപ്പെട്ടിരുന്നു. എന്നാൽ ടിയാളെ പരിഗണിച്ചിട്ടുള്ള മേൽപ്പറഞ്ഞ ഇൻവെസ്റ്റിഗേറ്റർ, എൽ. ഡി. ക്ലാർക്ക്, ബിൽ കളക്ടർ ഒഴിവുകൾ എല്ലാം തന്നെ പൊതുവിഭാഗം (ഓപ്പൺ) ഒഴിവുകളാണ്. എല്ലാ വിഭാഗം ഉദ്യോഗാർത്ഥികളെയും പരിഗണിക്കുവാൻ കഴിയുമായിരുന്നതിനാലാണ് വികലാംഗരല്ലാത്തവരോടൊപ്പം ശ്രീ. മുഹമ്മദ് കബീറും ടി ലിസ്റ്റിൽ ഉൾപ്പെട്ടത്. |
| (ഇ) സർക്കാർ ജോലിക്കാവശ്യമായ വിദ്യാഭ്യാസയോഗ്യതയും ടെക്നിക്കൽ യോഗ്യതയും ഉള്ളതും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും - വികലാംഗനും ന്യൂനപക്ഷ സംവരണമുള്ളയാളുമായ ശ്രീ. എ. മുഹമ്മദ് കബീറിന് ജോലി നൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ചട്ട പ്രകാരം തൊഴിൽ ദാതാവിന് നല്കുക മാത്രമാണ് ഈ വകുപ്പ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ